"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- 2024-25 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് Enterprise Resource Planning (ERP) പദ്ധതിയ്ക്കായി 1.925 കോടി രൂപ (ഒരു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്.**

സ.ഉ.(സാധാ) നം.16/2025/F&CS തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.272/2024/F&CS തീയതി 26/08/2024.
2. ഭക്ഷ്യ പൊതുവിതരണ കമ്മീഷണറുടെ 08/11/2024 - ലെ CCS/8508/2024-H3 നമ്പർ കത്ത്.
3. 2024-25 വർഷത്തെ പദ്ധതി മുൻഗണന സംബന്ധിച്ച് 04/12/2024-ലെ ചീഫ് സെക്രട്ടറിയുടെ കമ്മിറ്റി യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം Enterprise Resource Planning (ERP) പദ്ധതിയ്ക്കായി "4408 -01 -101 -93 (Plan) - Enterprise Resource Planning for Supplyco (ERP)"ശീർഷത്തിൽ 3.85 കോടി രൂപ വകയിരുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി തുക അനുവദിച്ചു നല്കുന്നതിനുള്ള ഉത്തരവ് നല്കണമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ പരാമർശം (2) പ്രകാരം അവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിക്കുകയും പരാമർശം 3) പ്രകാരമുള്ള യോഗ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ, 2024-25 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് Enterprise Resource Planning (ERP) പദ്ധതിയ്ക്കായി '4408-01-101-93 (P)' ശീർഷകത്തിൽ നിന്നും 1.925 കോടി രൂപ (ഒരു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) സാധാരണ ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുനൽകുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.
2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും വകമാറ്റി ചെലവഴിക്കാൻ പാടില്ല.
3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും (As per GO(Ms) No.4/2020-Fin dated 09/01/2020) അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. 09/12/2008 തീയതിയിലെ സർക്കുലർ നം. 84/2008/ധന, 29/08/2009 തീയതിയിലെ സർക്കുലർ നം.75/2009/ധന, 31/01/2018 ലെ സർക്കുലർ നം. 08/2018/ധന, 04.01.2021 തീയതിയിലെ സർക്കുലർ നം.01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പകർപ്പ്:-

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (ഫയൽ നം. സി2/115/2024-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Kavitha Kumari. I. S
Date: 25-01-2025 12:55:17

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്